കൃഷി വിജ്ഞാന കേന്ദ്രം, തൃശ്ശൂർ
കേരള കാർഷിക സർവകലാശാല
കെ.എ.യു. പി. ഒ. – 680 656, വെള്ളാനിക്കര, തൃശ്ശൂർ
ഫോൺ: 0487 2375855, 9400483754
Email: kvkthrissur@kau.in

കെ.വികെ/തൃശ്ശൂർ /15/2004 തിയ്യതി, 04/08/2021

## ക്വട്ടേഷൻ നോട്ടീസ്

കൃഷി വിജ്ഞാന കേന്ദ്രം, തൃശ്ശൂർ ഫാമിൽ 2021 ഓഗസ്റ്റ് മുതൽ 31.03.2022 വരെ ഓഫീസ് നിർദ്ദേശാനുസരണം ദിവസക്കൂലി നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി വിവിധ ജോലികൾ ചെയ്തു നൽകുന്നതിനായി താല്പര്യമുള്ള കക്ഷികളിൽ നിന്നോ സ്വയം സഹായ സംഘങ്ങളിൽ നിന്നോ മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. വിവിധ ജോലികൾക്ക് ആവശ്യമായ തൊഴിലാളികളുടെ എണ്ണവും ക്വട്ടേഷൻ നിബന്ധനകളും താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ജോലിയുടെ സ്വഭാവം | തൊഴിലാളികളുടെ എണ്ണം | | മറ്റു വിശദാംശങ്ങൾ |
|---|---|---|---|---|
| | | പുരുഷന്മാർ | സ്ത്രീകൾ | |
| 1 | വിത്ത്/നടീൽ വസ്തു നിർമ്മാണം | 4 | 8 | ഗ്രാഫ്റ്റിങ്, ബഡിങ്, ലയറിങ്, വിത്തുല്പാദനത്തിനു ആവശ്യമായ കാർഷിക പ്രവർത്തികൾ |
| 2 | മൃഗപരിപാലനം( കോഴി/ആട്/ താറാവ്/ കാട /മത്സ്യം) | | 2 | |
| 3 | ഭക്ഷ്യസംസ്കരണം /വളക്കൂട്ട് നിർമ്മാണം/ സസ്യസംരക്ഷണ ഉപാധികളുടെ നിർമ്മാണം | | 3 | |
| 4 | കമ്പോസ്റ്റ് നിർമ്മാണം | | 1 | വെർമി കമ്പോസ്റ്റ്, ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകപ്പൊടി വേപ്പിൻ പിണ്ണാക്ക് മിശ്രിതം |
| 5 | ട്രാക്ടർ ,ടില്ലർ ,ബ്രഷ് കട്ടർ, തെങ്ങുകയറ്റയന്ത്രം,ജലസേചനം, പമ്പ് പ്രവർത്തിപ്പിക്കൽ ,പുതയിടൽ മറ്റ് കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കൽ /പ്രവർത്തിപ്പിക്കൽ | 2 | | |
| ആകെ | | 6 | 14 | |

Scanned with CamScanner

ക്വട്ടേഷൻ നിബന്ധനകൾ

1. മേൽസൂചിപ്പിച്ച തൊഴിലിനായി നൽകാനുദ്ദേശിക്കുന്ന വ്യക്തികളുടെ പേരും മേൽവിലാസവും പ്രവർത്തി പരിചയവും ക്വട്ടേഷനോടൊപ്പം നൽകേണ്ടതാണ്.
2. അവധി ദിവസങ്ങളുൾപ്പടെ ഫാം പ്രവർത്തനത്തിന് ആവശ്യാനുസരണം തൊഴിലാളികളെ സ്ഥാപന മേധാവിയുടെ നിർദ്ദേശാനുസരണം നൽകേണ്ടതാണ്.
3. രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണി വരെയുള്ള സമയങ്ങളിൽ 8 മണിക്കൂർ ആയിരിക്കും ജോലി സമയം.
4. ജോലിചെയ്യുന്ന ദിവസങ്ങളിലെ വേതനത്തിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.
5. ക്വട്ടേഷനുകൾ 17.08.2021 ചൊവ്വാഴ്ച്ച വൈകീട്ട് 3.00 മണി വരെ സ്വീകരിക്കുന്നതായിരിക്കും
6. തൊഴിലാളികൾക്ക് മേൽ പറഞ്ഞ മേഖലകളിൽ കേരള കാർഷിക സർവ്വകലാശാലയിലുള്ള പ്രവർത്തി പരിചയം ഉണ്ടായിരിക്കണം

ഒട്ടിച്ച് സീൽ ചെയ്ത കവറിനു മുകളിൽ കൃഷി വിജ്ഞാന കേന്ദ്രം തൃശ്ശൂരിലെ ഫാം ജോലിക്കായുള്ള ക്വട്ടേഷൻ എന്ന് എഴുതിയിരിക്കണം. ക്വട്ടേഷനുകൾ പ്രോഗ്രാം കോഡിനേറ്റർ, കൃഷി വിജ്ഞാന കേന്ദ്രം തൃശ്ശൂർ, വെള്ളാനിക്കര എന്ന മേൽവിലാസത്തിൽ ലഭിച്ചിരിക്കണം. ലഭ്യമാകുന്ന ക്വട്ടേഷനുകൾ 17.08.2021 ചൊവ്വാഴ്ച്ച വൈകീട്ട് 3:30 മണിക്ക് തൽസമയം സന്നിഹിതരാകുന്ന കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും സ്വീകാര്യമായ ക്വട്ടേഷനുകൾ ഉറപ്പിച്ചു നൽകുന്നതുമായിരിക്കും.

- ഏതെങ്കിലും കാരണവശാൽ മുകളിൽ പറഞ്ഞ തീയതി അവധി ദിവസം ആണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥലത്ത് അതേസമയത്ത് ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും.
- ക്വട്ടേഷനുകൾ യാതൊരു കാരണവും കാണിക്കാതെ നിരാകരിക്കാനുള്ള അധികാരം കൃഷി വിജ്ഞാന കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
- സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.
- എല്ലാ ദിവസവും വൈകിട്ട് 4:30 - 5 മണിക്കും ഇടയിൽ ഫാം ഓഫീസിൽ വന്ന് അടുത്ത ദിവസത്തേക്ക് ആവശ്യമായ തൊഴിലാളികളുടെ എണ്ണം അന്വേഷിച്ച് അറിയേണ്ടതും അതനുസരിച്ച് അടുത്തദിവസം രാവിലെ 8 മണിക്ക് മുമ്പായി ആവശ്യമായ തൊഴിലാളികളെ ഫാമിൽ നേരിട്ട് എത്തിക്കേണ്ടതുമാണ്.
- തൊഴിലാളികളുടെ പ്രവർത്തന രീതി , സമയനിഷ്ഠ ,സ്വഭാവം എന്നിവയിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചാൽ തൊഴിലാളികളെ പിരിച്ചു വിടുകയോ, ക്വട്ടേഷൻ റദ്ദാക്കുകയോ ചെയ്യുന്നതായിരിക്കും
- ഫാമിൽ ആവശ്യത്തിനനുസരിച്ച് തൊഴിലാളികളെ നൽകുന്നതിൽ വീഴ്ച വരുത്തുന്നതുൾപ്പെടെ മുകളിൽ പറഞ്ഞ നിബന്ധനകൾ ലംഘിക്കപ്പെടുകയാണെങ്കിൽ യാതൊരു മുന്നറിയിപ്പുമില്ലാതെ ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതായിരിക്കും

KRISHI VIGYAN KENDRA THRISSUR KAU VELLANIKKARA

പ്രോഗ്രാം കോഡിനേറ്റർ
കൃഷി വിജ്ഞാന കേന്ദ്രം, തൃശ്ശൂർ
Programme Co-ordinator
Krishi Vigyan Kendra, Thrissur

പകർപ്പ്:

കെ.വി.കെ യുടെ നോട്ടീസ് ബോർഡ്, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കര, കമ്മ്യൂണിക്കേഷൻ സെൻറ്റർ മണ്ണുത്തി, ഹോർട്ടികൾച്ചർ കോളേജ് വെള്ളാനിക്കര.

Scanned with CamScanner